**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1671** **02-02-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ വിലസ്ഥിരതാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് നിലവിൽ സബ്സിഡി ഇനത്തിൽ എത്ര തുക വിതരണം നടത്താനുണ്ട്; ഈയിനത്തിൽ നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ; മുൻ സാമ്പത്തിക വർഷങ്ങളിലെ ക്ലെയിമുകൾ ഇനിയും കൊടുക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ; | (എ) | നിലവിൽ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച 194 ബില്ലുകളിന്മേൽ 5,11,082/- രൂപ റബ്ബർ സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം നടത്താനുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച ബില്ലുകളിന്മേൽ സബ്സിഡി തുകയായ 161.52 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. അതാത് സാമ്പത്തിക വർഷങ്ങളിൽ സൊസൈറ്റികൾ അപ്‌ലോഡ് ചെയ്യുന്ന ബില്ലുകൾ വിവിധ കാരണങ്ങളാൽ നിരസിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത ബില്ലുകളിൽ ഉള്ള തെറ്റുകൾ പരിഹരിച്ച് വീണ്ടും സർക്കാരിലേക്ക് പുനസമർപ്പിക്കാറുണ്ട്. അത്തരം ബില്ലുകൾ അതാത് വർഷങ്ങളിലെ ക്ലൈമുകളായി പരിഗണിച്ച് സബ്സിഡി അനുവദിച്ച് നൽകാറുണ്ട്. |
| (ബി) | റബ്ബർ വിലസ്ഥിരതാ പദ്ധതിയുടെ നടത്തിപ്പിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; ബില്ലുകൾ അപ് ലോഡ് ചെയ്യാനാകാത്തതു വഴി റബ്ബർ കർഷകർക്ക് സബ്സിഡി ക്ലെയിം ചെയ്യാനാവാത്ത സഹചര്യം നിലവിലുണ്ടോ; വെബ്സൈറ്റിലെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ് ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ് ലോഡ് ചെയ്യുവാൻ സാധിക്കാതെ വന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കുടിശ്ശികയില്ലാതെ സബ്സിഡി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | റബ്ബറിന്റെ ഉല്പാദനം കുറയുന്ന സീസണിലും പതിവിനു വിപരീതമായി കനത്ത വിലയിടിവ് നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് സബ്സിഡി ഇനത്തിൽ കുടിശ്ശികയായ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ് ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ് ലോഡ് ചെയ്യുവാൻ സാധിക്കാതെ വന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുടിശ്ശികയില്ലാതെ സബ്സിഡി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | റബ്ബർ ഉല്പാദന മേഖലയിലെ ഇപ്രകാരമുള്ള പ്രതിസന്ധികൾ ഇല്ലാതാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ് ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ് ലോഡ് ചെയ്യുവാൻ സാധിക്കാതെ വന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കുടിശ്ശികയില്ലാതെ സബ്സിഡി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ